പതിനാലാം കേരള നിയമസഭ

11-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1501

07.06.2018-ൽ മറുപടിക്ക്

## നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ജി.എസ്.ജയലാൽ<br>,, കെ. രാജൻ<br>,, മുഹമ്മദ് മുഹസിൻ പി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അവശേഷിക്കുന്ന നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിന് ഈ സർക്കാർ നടത്തി വരുന്ന ശ്രമങ്ങൾ വിശദമാക്കുമോ; | (എ) നെൽവയലുകളും, തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനായി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സംസ്ഥാനത്തൊട്ടാകെ കർശനമായി നടപ്പിലാക്കി വരുന്നു. നിയമലംഘനം തടയുന്നതിനായി അവധി ദിവസങ്ങളിൽ ഉൾപ്പെടെ സ്ക്വാഡുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. നിയമ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ സ്റ്റോപ്പ് മെമ്മോ നൽകി ഭൂമി പരിവർത്തനം ചെയ്യുന്നത് തടയുകയും, നെൽവയലുകൾ പൂർവ്വ സ്ഥിതിയിലാക്കുന്നതിനുമുള്ള ഉത്തരവ് നൽകുകയും, വാഹനങ്ങൾ കണ്ടുകെട്ടുകയും, ഭൂവുടമയ്ക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്. |
| (ബി) ഡേറ്റാ ബാങ്ക് സംബന്ധിച്ച ആക്ഷേപങ്ങൾ പരിശോധിക്കുന്നതിന് നെൽവയൽ - തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) പ്രസിദ്ധീകരിക്കപ്പെട്ട ഡേറ്റാ ബാങ്കുകളെ സംബന്ധിച്ച് ധാരാളം പരാതികളും ആക്ഷേപങ്ങളും ഉയർന്നു വന്ന സാഹചര്യത്തിലും, ആയവ ബോധിപ്പിക്കുന്നതിന് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിൽ വ്യവസ്ഥ ഇല്ലാത്തതിനാലും, 04/04/2017-ലെ ബഹു.കേരള ഹൈക്കോടതിയുടെ ഡബ്ല്യൂ.എ 571/2017-ാം നമ്പർ കേസിൽ ഇക്കാര്യം പരിശോധിക്കണമെന്ന് ഉത്തരവായ സാഹചര്യത്തിലും, ഡാറ്റാബാങ്കിലെ തെറ്റായ വിവരം മൂലം സങ്കടം അനുഭവിക്കുന്ന വ്യക്തികൾക്ക് പുന:പരിശോധനാ അപേക്ഷ സമർപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി ഡാറ്റാ ബാങ്ക് പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുന്നതിന് 30/05/2017-ലെ സ.ഉ(പി) നമ്പർ 34/2017/റവന്യൂ നമ്പർ വിജ്ഞാപനം പ്രകാരം, 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ ഭേദഗതി ചെയ്തു. |

| | | | |
|---|---|---|---|
| (സി) | 2008 -ന് മുൻപ് നികത്തപ്പെട്ടതും ഡേറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും നിലവിൽ കൃഷിയില്ലാത്തതുമായ ഭൂമി തരംമാറ്റുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്. 2017-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് പ്രകാരം, ചേർന്ന് കിടക്കുന്ന ഭൂമിയിലെ നെൽകൃഷിയേയോ മറ്റ് ഏതെങ്കിലും വിളകളുടെ കൃഷിയേയോ ദോഷകരമായി ബാധിക്കാത്ത കേസുകളിൽ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | ഇത്തരത്തിൽ ഭൂമി തരം മാറ്റുന്നതിന് ചുമത്തുന്ന ചാർജ്ജ് നെൽകൃഷി പ്രോത്സാഹനത്തിനുള്ള ഫണ്ടായി നീക്കി വക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | ഈ ആക്ടിന് കീഴിൽ സമാഹരിക്കപ്പെടുന്ന എല്ലാ തുകയും ഒരു വികസന ഫണ്ടിലേയ്ക്ക് മാറ്റി വയ്ക്കുന്നതാണ്. ഈ തുക നെൽവയലോ തണ്ണീർത്തടമോ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയോ പൂർവ്വ സ്ഥിതിയിലാക്കുന്നതിനും ആക്ടിലെ മറ്റാവശ്യങ്ങൾക്കും ഉപയോഗിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**